"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതിവകുപ്പ് - സാമൂഹ്യനീതിവകുപ്പിനു കീഴിൽ തിരുവനന്തപുരത്ത് പുലയനാർകോട്ടയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് കെയർ ഹോമിലെ നേഴ്സിംഗ് ഓഫീസർ ഗ്രേഡ്-2 എന്ന തസ്തികയിലേക്ക് ശ്രീമതി നഫീദ. എം-ന് അന്യത്രസേവന വ്യവസ്ഥതയിൽ നിയമനംനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.248/2024/SJD തീയതി,തിരുവനന്തപുരം, 02-12-2024

---

പരാമർശം:-

1. കണ്ണൂർ ജില്ലയിലെ ജനറൽ ആശുപത്രിയിലെ നേഴ്സിംഗ് ഓഫീസർ ഗ്രേഡ്-2 ആയ ശ്രീമതി നഫീദ. എം-ന്റെ 30.08.2024-ലെ അപേക്ഷ.

2 ആരോഗ്യ വകുപ്പ് (ഹെൽത്ത് സർവ്വീസസ്) ഡയറക്ടറുടെ 18.10.2024-ലെ ഡി.എച്ച.എസ്./21539/2024/ഇ.ഇ.6 നമ്പർ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്.

3 സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 28.10.2024, 05.11.2024-ലെ എസ്.ജെ.ഡി/368/2024-ഇ.3 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യനീതിവകുപ്പിനു കീഴിൽ തിരുവനന്തപുരത്ത് പുലയനാർകോട്ടയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് കെയർ ഹോമിൽ ഒഴിവുള്ള ഒരു നേഴ്സിംഗ് ഓഫീസർ തസ്തികയിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ ജനറൽ ആശുപത്രിയിൽ നേഴ്സിംഗ് ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. റിനി. എസ്, കണ്ണൂർ ജില്ലയിലെ തലശ്ശേരി ജനറൽ ആശുപത്രിയിൽ നേഴ്സിംഗ് ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. നഫീദ. എം എന്നിവർ സമർപ്പിച്ച അപേക്ഷകൾ പരാമർശം 3 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ശിപാർശചെയ്ത് ലഭ്യമാക്കുകയുണ്ടായി. ടി അപേക്ഷയോടൊപ്പം അന്യത്രസേവനത്തിനായി ഒരു വർഷത്തേക്ക് ടിയാളുകളുടെ സേവനം വിട്ടുനൽകുന്നതിന് ആരോഗ്യവകുപ്പിന് തടസ്സമില്ലെന്ന ആരോഗ്യവകുപ്പ് ഡയറക്ടറുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പിനുകീഴിൽ തിരുവനന്തപുരത്ത് പുലയനാർകോട്ടയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് കെയർ ഹോമിൽ ഒഴിവുള്ള നേഴ്സിംഗ് ഓഫീസർ തസ്തികയിലേയ്ക്ക് കണ്ണൂർ ജില്ലയിലെ തലശ്ശേരി ജനറൽ ആശുപത്രിയിലെ നേഴ്സിംഗ് ഓഫീസർ ഗ്രേഡ്-2 ആയ ശ്രീമതി നഫീദ. എം-ന് അന്യത്ര സേവന

വ്യവസ്ഥതയിൽ ഒരു വർഷകാലയളവിലേക്ക് നിലവിലുള്ള അന്യത്രസേവന വ്യവസ്ഥകൾക്കുവിധേയമായി, നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ,തിരുവനന്തപുരം
ഡയറക്ടർ ആരോഗ്യവകുപ്പ്, ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ,
തിരുവനന്തപുരം
ശ്രീമതി നഫീദ. എം, നഴ്സിംഗ് ഓഫീസർ ഗ്രേഡ്-2,ജനറൽ ആശുപത്രി,
തലശ്ശേരി, കണ്ണൂർ
സൂപ്രണ്ട്, ജനറൽ ആശുപത്രി, തലശ്ശേരി, കണ്ണൂർ
സൂപ്രണ്ട്, ഗവൺമെന്റ് കെയർ ഹോം, സാമൂഹ്യനീതി വകുപ്പ്,
പുലയനാർകോട്ട, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം ഇൻഫർമേഷൻ ഓഫീസർ, ന്യൂ മീഡിയ ഡിവിഷൻ,വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, (സർക്കാർ വെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 02-12-2024 15:18:19
സെക്ഷൻ ഓഫീസർ